ഉത്തരം

(എ) കേരളത്തിലെ ദേശീയപാതകളിൽ നീലേശ്വരം-പള്ളിക്കര, താഴെച്ചൊവ്വ, നടാൽ, കാവിൽപാട്, അങ്ങാടിപ്പുറം എന്നീ സ്ഥലങ്ങളിലാണ് നിലവിൽ ലെവൽ ക്രോസ്സുകൾ ഉള്ളത്.

(ബി-ഇ) ദേശീയപാതാ 66-ൽ നീലേശ്വരം-പള്ളിക്കര റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുള്ള അലൈൻമെന്റ് പ്ലാൻ അനുമതി ലഭിക്കുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 2009-ൽ മേൽപ്പാല നിർമ്മാണത്തിനായി 16.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. ദേശീയപാത 66 നാഷണൽ ഹൈവേ ഡെവലപ്മെന്റ് പ്രോജക്ടിന്റെ നാലുവരി പാതാ പദ്ധതിയിൽ ഉൾപ്പെട്ടതായതിനാൽ അലൈൻമെന്റിൽ ചെറിയമാറ്റം വരികയുണ്ടായി ആയതു പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. പുതിയ അലൈൻമെന്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

ഭരണാനുമതി നൽകിയ പ്രവൃത്തികൾ

249 (4000) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 14-7-2009-ലെ സ.ഉ. (സാധാ) 1045/2009/ പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി കൊടുത്തിട്ടുള്ള 33 പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) പൂർത്തിയാകാത്ത പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു. ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

തവന്നൂർ വട്ടംകളം പഞ്ചായത്തിൽ ഹൈമാസ്റ്റ് ലൈറ്റ്

250 (4001) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിൽപ്പെട്ട വട്ടംകളം പഞ്ചായത്തിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി വട്ടംകളം പഞ്ചായത്തിന്റെ അപേക്ഷ കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ വഴി പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ 14024/14 പ്രകാരം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് ബന്ധപ്പെട്ട സെക്ഷന് പ്രസ്തുത ഫയൽ കൈമാറിയത്;

(സി) ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എടുത്ത നടപടിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ നടപടി എടുക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ;

(എഫ്) എന്നത്തേക്ക് നടപടി എടുക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പ്രസ്തുത കത്ത് 16-3-2015-ൽ പൊതുമരാമത്തു വകുപ്പ് റോഡ്സ് സേഫ്റ്റി വിഭാഗത്തിന് കൈമാറിയിട്ടിണ്ട്.

(സി) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ആവശ്യമായ നടപടി എടുക്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ 24-3-2015-ൽ മഞ്ചേരി നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

(ഡി-എഫ്) ചീഫ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ പകർപ്പ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

251 (4002) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോന്നും ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രവൃത്തി തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധർമ്മടം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവ ഏതു ഘട്ടത്തിലാണെന്നുമുള്ള വിവരവും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly